# PARAMPUZHA
# ST. JOHN'S CHURCH



മധുരസ്മരണ ഉണർത്തുന്ന ഒരു മനോഹര ഭൂപ്രദേശമാണ് പാറമ്പുഴ. ഈ സ്ഥലം പഴയ തെക്കൻകൂറിന്റെ ഭാഗമാണ്. മീനച്ചിലാറിന്റെ കല്ലോലങ്ങൾ ഈ നാടിനെ, പള്ളിയുടെ കുരിശടിയെ തഴുകിക്കൊണ്ട് കോട്ടയത്തേക്ക് കടന്നുപോകുന്നു. കോട്ടയത്തുനിന്ന് ഇങ്ങോട്ട് 10 കിലോമീറ്റർ മാത്രം.

അദ്ധ്വാനശീലരായ നസ്രാണി ക്രിസ്ത്യാനികൾ മണ്ണിൽ നിന്ന് പൊന്നുവിളയിക്കുന്നവർ ആയിരുന്നു. ആത്മീയ കാര്യങ്ങൾക്ക് കോട്ടയം ചെറിയ പള്ളിയും മണർകാട് പള്ളിയുമായിരുന്നു ആശ്രയം. പലപ്പോഴും സഞ്ചാര സൗകര്യം കുറവായിരുന്ന ആ കാലഘട്ടത്തിൽ തങ്ങളുടെ പ്രിയപ്പെട്ടവരുടെ മൃതശരീരം അകലെയുള്ള ദേവാലയത്തിൽ എത്തിക്കുക ദുഷ്കരമായിരുന്നു. ഈ സാഹചര്യത്തിൽ സംസ്കൃതചിത്തരായ പൂർവ്വപിതാക്കന്മാർ പലപ്പോഴും ഒരു ദേവാലയം (പള്ളി) ഉണ്ടാകണമേ എന്ന് അകം നൊന്ത് പ്രാർത്ഥിച്ചു. ആലോചനാ യോഗങ്ങളും കൂടി.

ഇതിന്റെയെല്ലാം ഫലമായി എ.ഡി. 1878 –ൽ (കൊല്ലവർഷം 1053–ൽ) 422–ാം നമ്പർ ആയി രജിസ്റ്റർ ചെയ്തിട്ടുള്ള ദാന ഉടമ്പടിയിൽ പള്ളി സ്ഥാപിക്കുന്ന ആവശ്യത്തിലേക്ക് സ്ഥലം നീക്കിവച്ചിരിക്കുന്നതായി കാണാം. തങ്ങളുടെ പിതാവ് തുരുത്തേൽ ഉലഹന്നന്റെ കാലശേഷം 54 വയസുള്ള ഉലഹന്നൻ തൊമ്മനും 52 വയസുള്ള ഉലഹന്നൻ ചാണ്ടിയും കൂടി പിതൃസ്വത്ത് ഭാഗം ചെയ്ത ഉടമ്പടിയിലാണ് ഈ നിശ്ചയം അടങ്ങിയിരിക്കുന്നത്. പള്ളിയും അനുബന്ധ സ്ഥാപനങ്ങളും സ്ഥാപിക്കുന്നതിനുവേണ്ടി അനുയോജ്യമായ നിരപ്പൊത്ത പത്തുപറ സ്ഥലം (147 സെന്റ്) 1878 –ൽ നീക്കിവച്ചു എങ്കിലും അത് പ്രവർത്തിപഥത്തിലെത്തിച്ചേരുന്നതിന് പിന്നെയും കാലതാമസം ഉണ്ടായി. 1890–ൽ ആണ് 12 പേരുള്ള ഒരു കാര്യവിചാര കമ്മറ്റിക്ക് സകല അവകാശങ്ങളും ഒഴിഞ്ഞ് ദാനമായി മുകളിൽ പ്രസ്താവിച്ചിരിക്കുന്ന സ്ഥലം ഒരു ദാന ഉടമ്പടിയിലൂടെ കൈമാറ്റം ചെയ്തിരിക്കുന്നത്.

പാറമ്പുഴ, തിരുവഞ്ചൂർ, നട്ടാശ്ശേരി, പേരൂർ, തെള്ളകം എന്നീ കരകളുടെ പ്രാതിനിധ്യം ഉള്ളതായിരുന്നു കാര്യവിചാര കമ്മിറ്റി. കല്ലും മരവും മാത്രമല്ല, കാർഷിക വിഭവങ്ങളും സമാഹരിക്കുവാൻ കമ്മറ്റിക്കാർ തീരുമാനിച്ചു. ജാതിമത ഭേദമെന്യേ എല്ലാ വിഭാഗം ജനങ്ങളുടെയും സഹായസഹകരണങ്ങൾ ഈ സന്ദർഭത്തിൽ അവർക്ക് ലഭിച്ചു. പുരാതനമായ രീതിയിൽ 60 അടി നീളം, 20 അടി വീതി, 30 അടി ഉയരമുള്ള

പള്ളി പണിയുവാനാണ് തീരുമാനമുണ്ടായത്. കൊല്ലവർഷം 1067 മകരമാസം 6–ാം തീയതി (19–01–1892) നമ്മുടെ ആത്മരക്ഷകന്റെ അരുമശിഷ്യനും സ്നേഹിതനുമായ വിശുദ്ധ യൂഹാനോന്റെ (യൂഹാനോൻ ശ്ലീഹായുടെ) നാമത്തിൽ ഈ ദേവാലയം കൂദാശ ചെയ്യപ്പെട്ടു. മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 1892 മകരമാസം 7–ാം തീയതി അയച്ച കൽപ്പനയിൽ (ചീ.13) ദനഹാ ദിവസം കൂദാശ ചെയ്ത കാര്യം കൽപ്പിച്ചിരിക്കുന്നു. പാറമ്പുഴയിലെ മാത്രമല്ല ഈ പുരാതന ദേവാലയവുമായി ബന്ധപ്പെട്ടിട്ടുള്ള എല്ലാ ഭക്തജനങ്ങളുടെയും ആശയും ആവേശവുമായി മാറിയിരിക്കുന്നു ശ്ലീഹായിലുള്ള ഭക്തിയും വിശ്വാസവും. പഴയപള്ളിയുടെ പണി പല ഘട്ടങ്ങളായിട്ടാണ് പൂർത്തിയാക്കിയത്. ഒന്നാമത് പ്രാകാരവും, വിശുദ്ധ സ്ഥലവും പണിതു. രണ്ടാം ഘട്ടത്തിൽ അതിവിശുദ്ധ സ്ഥലം (മദ്ബഹാ) പണിതു. 1892 മുതൽ അറുപതു വർഷത്തോളം ഈ നിലയിൽ പള്ളി സ്ഥിതിചെയ്തു. മുഖവാരം പണി തീർന്നില്ല. 1940 നുശേഷം പള്ളി പുതുക്കി പണിയുന്നതിന് ആലോചിക്കുക ഉണ്ടായെങ്കിലും അഭിപ്രായ സമന്വയത്തിൽ എത്തിച്ചേരുവാൻ കഴിഞ്ഞില്ല. 1121 മീനം 29–ാം തീയതി കോട്ടയം ഡിസ്ട്രിക്ട് മജിസ്ട്രേട്ട് കോർട്ടിൽ എം. സി. 1–ാം നമ്പരായി ഒരു സിവിൽകേസ് ഉണ്ടായിരുന്നു. ഇതിനുശേഷമാണ് പഴയപള്ളിക്ക് രൂപഭംഗി വരുത്തുന്നതിനുവേണ്ടി മുഖവാരം പണിതത്.

ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായിട്ടാണ് 1992 ൽ നാടകശാല പണിതത്. വിപുലമായ പരിപാടികളോടെ ജൂബിലിവർഷം ആഘോഷിച്ചു. 1992 മെയ്മാസം 8–ാം തീയതി സമാപന സമ്മേളനത്തിൽ വിശിഷ്ടാതിഥികളായി കേരള ധനകാര്യ മന്ത്രി ഉമ്മൻചാണ്ടി, വിജയപുരം ബിഷപ്പ് റവ. ഡോ. പീറ്റർ തുരുത്തിക്കോണം, വിജയപുരം പഞ്ചായത്ത് പ്രസിഡന്റ് കെ.എം. ഐപ്പ്, മെമ്പർ സുരേഷ് ബാബു, അഡ്വ. ബന്നി കുര്യൻ തുടങ്ങിയവർ സംബന്ധിച്ചു. അദ്ധ്യക്ഷത വഹിച്ചത് നമ്മുടെ ഭദ്രാസനത്തെ വീറോടെ നയിച്ച നി.വ.ദി.ശ്രീ. ഡോ. ഗീവർഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനി ആയിരുന്നു എന്നത് ഒരു മഹൽ ഭാഗ്യമായി കരുതുന്നു.

ദൈവത്തിന്റെ അതുല്യമായ കൃപയും യൂഹാനോൻ ശ്ലീഹായുടെ അനുഗ്രഹാശിസ്സുകളും ഒന്നു കൊണ്ടു മാത്രമാണ് അസാദ്ധ്യം എന്നു വിചാരിച്ച പുതിയ പള്ളിയുടെ നിർമ്മാണം 2005 ൽ തുടങ്ങി, ഒരു വർഷം കൊണ്ട് പൂർത്തിയാക്കുവാൻ സാധിച്ചത്. അന്ത്യോഖ്യാ സിംഹാസനത്തിൽ വാണരുളുന്ന പരിശുദ്ധ ഇഗ്നാത്യോസ് സാഖാ പ്രഥമൻ ബാവായോടും ആ സ്രോതസ്സിൽ നിന്നും കൽപ്പിച്ചയക്കുന്ന സഭാമേലദ്ധ്യക്ഷന്മാരോടും, വൈദിക ശ്രേഷ്ഠരോടും ഈ ഇടവകയിലെ ആബാലവൃദ്ധം ജനങ്ങളും കടപ്പെട്ടിരിക്കുന്നു. കാരണം, അവർ കാണിച്ചു തന്ന സത്യവിശ്വാസമെന്ന വഴിത്താരയിലൂടെ ആണ് ഞങ്ങൾ സഞ്ചരിച്ചത്. പ്രാർത്ഥനാ ജീവിതത്തിലൂടെ ഈ ഇടവക നേടിയെടുത്ത ആത്മശക്തി ഞങ്ങളെ പകൽ അന്തിയോളം പണിയെടുക്കുവാൻ പ്രാപ്തരാക്കി. പള്ളിപണിയുവാൻ പണമില്ലാത്ത അവസരങ്ങൾ ഉണ്ടായേക്കുമോ എന്ന ആശങ്ക ഉണ്ടായെങ്കിലും ദൈവം അതിന് അനുവദിച്ചില്ല. എല്ലാ മനുഷ്യരുടെയും നിർലോഭമായ സഹായം ഉണ്ടായി. തോമസ് ഇട്ടി അച്ചനെ ഈ സന്ദർഭത്തിൽ ഇവിടേക്ക് കൽപ്പിച്ച് നിയമച്ചത് ഒരു ദൈവനിയോഗമായി ഞങ്ങൾ കണക്കാക്കുന്നു.

വിപുലമായ പരിപാടികളോടെ പുതുക്കിപണിത ദേവാലയത്തിന്റെ കൂദാശ രണ്ടു ദിവസങ്ങളിലായി (2006 മേയ് 7, 8 തീയതികളിൽ) നടത്തപ്പെട്ടു. ശ്രേഷ്ഠ കാതോലിക്കാ നി.വ.ദി.മ.ശ്രീ. ബസേലിയോസ് തോമസ് പ്രഥമൻ ബാവായുടെ പ്രധാന കാർമ്മികത്വത്തിലും ഇടവക മെത്രാപ്പോലീത്ത തോമസ് മോർ തീമോത്തിയോസിന്റെയും സിംഹാസന പള്ളികളുടെ മെത്രാപ്പോലീത്ത ഗീവർഗീസ് മോർ ദീവന്നാസ്യോസിന്റെയും സഹകാർമ്മികത്വത്തിലും ആയിരുന്നു കൂദാശ. ഭക്തിനിർഭരമായ പെരുനാൾ ആഘോഷത്തിലും പള്ളികൂദാശയിലും സമീപപ്രദേശത്തുള്ള ഭക്തജനങ്ങൾ സന്തോഷപൂർവ്വം പങ്കെടുത്തു. സന്തോഷ് ജോൺ എന്ന പ്രഗത്ഭനായ ആർക്കിടെക്ടിനാൽ രൂപകല്പന ചെയ്ത ദേവാലയത്തിന്റെ ക്രമീകരണത്തിലും വാസ്തുശില്പ സൗകുമാര്യത്തിലും അതീവ സന്തുഷ്ടനായ ബാവാ തിരുമേനി അതിന്റെ പ്രധാന പങ്കു വഹിച്ച വ്യക്തികൾക്ക് പാരിതോഷികം നൽകി ബഹുമാനിച്ചു.

മൺമറഞ്ഞുപോയ പൂർവ്വപിതാക്കന്മാരുടെ സ്വപ്നങ്ങളുടെ സാക്ഷാൽക്കാരവും ജീവിച്ചിരിക്കുന്ന ഇടവകാംഗങ്ങളുടെ ആഗ്രഹപൂർത്തീകരണവുമായി മനോഹര ദേവാലയം പരിലസിക്കുന്നു.

*Source: Kottayam Diocese Souvenir, 2007*

syrianchurch.org